മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവരെ Y. W. C. A. ഹോസ്റ്റലിൽ ചേക്കണമെന്നാണ് ഉദ്ദേശിച്ചതു്. പക്ഷെ കൊല്ലത്തിന്റെ മദ്ധ്യത്തിലായതുകൊണ്ടു് അങ്ങിനെ മാറിക്കഴിഞ്ഞാൽ വിദ്യാർത്ഥികൾക്കു് അസൌകര്യം നേരിടും എന്ന കരുതിയതുകൊണ്ടു പോരികയാണു്.

HYDRO-ELECTRIC SCHEME—INFORMATION REGARDING

125. (260) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു് സദയം മറുപടി പറയുമോ.—

(എ) "എലക്ട്രിക്കു് വകുപ്പിലെ കംഭ കോണങ്ങൾ" എന്ന തലക്കെട്ടിൽ ഫ്രണ്ടിയർ കന്നി ഡിസംബറിലെ "എക്സ്പ്രസ്സിൽ" പ്രസിദ്ധീകരിച്ചുകാണുന്ന ലേഖനത്തിൽ ഗവണ്മെണ്ടിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ;

(ബി) പെരിങ്ങൽക്കുത്തു ഹൈഡ്രോ എലക്ട്രിക്കു് സ്കീമിന്റെ പണി മുഴമിക്കാൻ ഇനിയും എത്ര കൊല്ലം വേണ്ടിവരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്;

(സി) ഈ പദ്ധതിപ്രകാരം കൊല്ലത്തിൽ എത്ര കിലോവാട്സ് കറന്റു കിട്ടുമെന്നാണു് ഗവണ്മെണ്ടു് പ്രതീക്ഷിക്കുന്നതു്;

(ഡി) വെള്ളക്കുറവുള്ള മാസങ്ങളിൽ ടി പദ്ധതികൊണ്ടു് ഉദ്ദേശിക്കുന്ന കറന്റു കിട്ടുവാൻ സാദ്ധ്യതയില്ലെന്നുള്ള വിദഗ്ദ്ധാഭിപ്രായമനുസരിച്ചു് ആ മാസങ്ങളിൽ ൪൦,൦൦൦ കിലോവാട്സ് കറൻറുകൂടി ഉല്പാദിപ്പിക്കാവുന്ന ഒരു സ്റ്റീംസ്റ്റേഷൻ പണിയുന്നതു് ആവശ്യമാണെന്നു ഗവണ്മെണ്ടിനു തോന്നുന്നുണ്ടോ;

(ഇ) ൫,൦൦൦ കിലോ വാട്സ് കറന്റു ഉല്പാദിപ്പിക്കാനുള്ള കഴിവോടുകൂടിയ ഒരു സ്റ്റീംസ്റ്റേഷനുള്ള പദ്ധതി ഗവണ്മെണ്ടിലേക്കു് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവോ;

(എഫ്) ഉണ്ടെങ്കിൽ എന്നാണു് അതു സമർപ്പിച്ചതു്;

(ജി) ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രസ്തുത പദ്ധതി സ്വീകരിക്കേണ്ടതാണെന്നു വ്യവസായോപദേശകസമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

(എച്ച്) ഇതിനെക്കുറിച്ചു് ഗവണ്മെണ്ടു വല്ല ആലോചനകളും നടത്തിയിട്ടുണ്ടോ;

(ഐ) ആലോചനക്കുശേഷം ഈ സ്റ്റീംസ്റ്റേഷനുള്ള പദ്ധതി ഗവണ്മെണ്ടു വേണ്ടെന്നു വെക്കുകയാണോ ചെയ്തതു്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഉവ്വു്.

(ബി) ൧൯൪൫ മദ്ധ്യത്തോടുകൂടി പെരിങ്ങൽക്കുത്തു പദ്ധതിയുടെ ഒന്നാമത്തെ ഘട്ടം തീരുമെന്നു് ഉദ്ദേശിക്കുന്നു.

(സി) പദ്ധതിയുടെ ഒന്നാമത്തെ ഘട്ടം പൂർത്തിയായാൽ ൧൫,൦൦൦ K. W. (൨,൦൦൦ K. W. standby) എലക്ട്രിസിറ്റിയും പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും പൂർത്തിയായാൽ ൧,൦൦,൦൦൦ K. W. (അല്ലെങ്കിൽ ൫,൦൦,൦൦൦ K. W. ൪൦ ശതമാനം load factor പ്രകാരം) എലക്ട്രിസിറ്റിയും ഉണ്ടാകുമെന്നാണു് കണക്കാക്കിയിട്ടുള്ളതു്.

(ഡി) ഇല്ല.

(ഇ & എഫ്) ൧൯൪൭ മേയ്മാസത്തിൽ ഒന്നോ രണ്ടോ ൫,൫൦൦ K. W. Turbo Alternator sets വാങ്ങുവാൻ ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെടുകയുണ്ടായി.

(ജി) ൧൯൪൭ ജനുവരിയിൽ ൫,൦൦൦ K. W. ശക്തിയുള്ള ഒരു സ്റ്റീംസ്റ്റേഷൻ ഗവണ്മെണ്ടു സ്ഥാപിക്കേണ്ടതാണു് എന്ന Industrial Advisory Board ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി.

(എച്ച്) ഉവ്വു്.

(ഐ) അതെ.

Mr. C. V. Iyyu (*Kunnamkulam*): Question No. 136 also is on the same subject.

Mr. President: Question No. 136 is different. It relates to the amount lost.

Mr. P. K. Dewer (*Labour*): They are different questions, Sir.

Mr. President: Yes. They have to be answered as different questions.

മിസ്റ്റർ വി. കെ. ജോസഫ്: വെള്ളക്കുറവുള്ള മാസങ്ങളിൽ ടി പദ്ധതികൊണ്ടു് ഉദ്ദേശിക്കുന്ന Current കിട്ടുവാൻ സാദ്ധ്യതയില്ലെന്നുള്ള വിദഗ്ദ്ധാഭിപ്രായം അനുസരിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

ആ മാസങ്ങളിൽ പതിനായിരം കിലോ വാട്സ് കറൻറുകൂടി ഉല്പാദിപ്പിക്കാവുന്ന ഒരു സ്റ്റീംസ്റ്റേഷൻ പണിയുന്നതു് ആവശ്യമാണെന്നു് ഗവണ്മെണ്ടിനു തോന്നുന്നുണ്ടോ എന്ന ചോദ്യത്തിനു്, ഇല്ല എന്നു മറുപടി പറഞ്ഞിട്ടുണ്ടു്. അങ്ങിനെ ഒരു സ്റ്റീം സ്റ്റേഷൻ വേണ്ടെന്നു വെയ്ക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിൻെറ എല്ലാവശങ്ങളെയും കുറിച്ചു് നല്ലവണ്ണം ആലോചിക്കുകയുണ്ടായിട്ടുണ്ടു്. പെരിങ്ങൽകുത്തിലെ ഫ്രാംഘട്ടം പണിപൂർത്തിയാക്കി പവ്വർ കിട്ടുന്നതിനുമുമ്പു് വ്യവസായികളെ ആകർഷിക്കുന്നതിനുവേണ്ടിയും തല്ക്കാലം വ്യവസായികൾക്കു പവ്വർ കൊടുക്കാമെന്നു് ഉറപ്പു നൽകുന്നതിനുവേണ്ടിയുമാണു് സ്റ്റീം ടർബൈൻ വാങ്ങുന്ന കാര്യം ആലോചനയ്ക്കു വന്നതു്. ഫൻ @ ഫ-ൽ പെരിങ്ങൽകുത്തിൽനിന്നു പവ്വർ കിട്ടുമെന്നാണു് പ്രതീക്ഷ. സ്റ്റീംടർബൈൻ സ്ഥാപിക്കാനും കുറെ താമസം നേരിട്ടേക്കും. അതിനു ഫ ഠ, ഫ @ ലക്ഷം ഉറുപ്പിക ചിലവു വരും. ഈ സംഗതികളെല്ലാം ആലോചിച്ചിട്ടാണു് സ്റ്റീംടർബൈൻ വാങ്ങുന്ന കാര്യം വേണ്ടെന്നുവെച്ചതു്.

മിസ്റ്റർ പി. കെ. ഡിവർ: ഈ ടർബൈൻ & ജൽടർനെ; sets വാങ്ങിക്കുവാൻ order കൊടുത്താൽ അതു കിട്ടുവാൻ എത്ര താമസം വേണ്ടിവരും?

മിസ്റ്റർ കെ. അയ്യപ്പൻ: കുറെ താമസിക്കേണ്ടിവരും.

മിസ്റ്റർ പി. കെ. ഡിവർ: അതിൽനിന്നു് എത്ര കിലോവാട്സ് പവ്വർ കിട്ടും?

മിസ്റ്റർ കെ. അയ്യപ്പൻ: ന ഠ ഠ ഠ കിട്ടുന്നതു വാങ്ങാൻ ആലോചിച്ചു എന്നാണോർമ്മ.

SREEMOOLANAGARAM SIRKAR PRIMARY SCHOOL REQUEST FOR TRANSFER TO PRIVATE MANAGEMENT

126. (359) **Mr. A. K. Sankunny** *(Nominated)*. Will Government be pleased to state.—

(*a*) whether there has been a request from any private agency to hand over the management of the Sreemoolanagaram Sirkar Primary School to them, and if so, the name of the agency;

(*b*) to whom does the said school building belong;

(*c*) what is the monthly rent paid by Government for the use of the building;

(*d*) whether the said building is in good and proper condition for the running of the school therein, and if not, what steps have the Government taken to improve the building?

Mr. C. A. Ouseph *(Minister for Education and Public Health)*.

(*a*) Yes. St. Mary's Convent, Ernakulam.

(*b*) St. Mary's Convent, Ernakulam.

(*c*) Rs. 15.

(*d*) The School building was not in good and proper condition. So the Executive Engineer, Southern Division was asked to inspect the building. The Executive Engineer declared that it was not safe to conduct classes in the building. The school has therefore been temporarily closed. The Mother-General, St. Mary's Convent, who is the owner of the building has been asked to arrange for the immediate repairs of the building and make it safe and fit for holding classes.

മിസ്റ്റർ എ. കെ. ശങ്കുണ്ണി: ഈ സ്കൂൾ ആക്കെങ്കിലും വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു മുഴുവനും തീരുമാനപ്പെടുത്തിയിട്ടില്ല.

മിസ്റ്റർ പി. കെ. ഡിവർ: സ്കൂൾ വിട്ടുകൊടുക്കുവാൻ തീരുമാനിച്ചുയാക്കിയതു് എന്നാണു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ന ഠ - ഫ ഫ - ര വ-ൽ ആണു്. ഇന്നേയ്ക്കു് എട്ടുദിവസമേ ആയിട്ടുള്ളൂ.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഈ സ്കൂൾ വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചു വല്ല പ്രത്യേക നിബന്ധനയും ഉണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ കാര്യത്തിൽ പ്രത്യേകമായ നിബന്ധനയൊന്നും ഉണ്ടെന്നു തോന്നുന്നില്ല. സ്കൂൾ അവിടെ നടത്തുന്നതു് safe അല്ലെന്നു കണ്ടു് ഇപ്പോൾ നിർത്തിയിരിക്കുകയാണു്.

മിസ്റ്റർ പി. കെ. ഡിവർ: ഈ സ്കൂൾ Hand-over ചെയ്യണമെന്നു വിചാരിക്കുന്നതു് എന്തു കാരണംകൊണ്ടാണു്?

LIBRARY ARCHIVES Kerala Legislative Assembly